**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2480** **23-02-2026-ൽ മറുപടിയ്ക്ക്**

**എടക്കര സബ് ട്രഷറിയിലെ സ്റ്റാഫ് പാറ്റേണും സബ് ട്രഷറിയുടെ പുതിയ കെട്ടിടവും**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

N/A independent_member_mock ശ്രീ. വി. ഡി. സതീശൻ

N/A independent_member_mock (മുഖ്യമന്ത്രി)

**(എ)** എടക്കര സബ് ട്രഷറിയുടെ പരിധിയിലേക്ക് പുതിയതായി നിരവധി സ്ഥാപനങ്ങൾ ഉൾപ്പെടുത്തിയിട്ടും സബ് ട്രഷറിയിലെ സ്റ്റാഫ് പാറ്റേൺ മുൻപുണ്ടായിരുന്ന അതേപടി തുടരുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** എടക്കര സബ്ട്രഷറിയിൽ ഒരു സബ്ട്രഷറി ഓഫീസർ, ഒരു ജൂനിയർ സൂപ്രണ്ട്, രണ്ട് അക്കൗണ്ടന്റുമാർ, ഒരു ഓഫീസ് അറ്റൻഡന്റ്, ഒരു പാർട്ട് ടൈം സ്വീപ്പർ എന്നിങ്ങനെ 6 തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. എടക്കര സബ് ട്രഷറിയിൽ ട്രഷറർ തസ്തിക നിലവിലില്ലാത്തതിനാൽ കരുവാരക്കുണ്ട് സബ് ട്രഷറിയിൽ നിന്നും ഒരു ട്രഷററെ ടി ട്രഷറിയിലേക്ക് ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ എടവണ്ണ സബ് ട്രഷറിയിൽ നിന്നും ഒരു അക്കൗണ്ടന്റിനെയും ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. ഇപ്രകാരം എടക്കര സബ് ട്രഷറിയുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത സബ് ട്രഷറിയുടെ സുഗമമായ പ്രവർത്തനത്തിന് സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

**മറുപടി:** വൈജ്ഞാനിക ഭരണ നിർവ്വഹണം സാധ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ജോലിഭാരത്തിനനുസരിച്ച് തസ്തികകൾ പുനഃക്രമീകരിക്കുന്നതിനായി എടക്കര ഉൾപ്പെടെയുള്ള ട്രഷറികളുടെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നു.

**(സി)** എടക്കര സബ് ട്രഷറിക്കായി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**മറുപടി:** എടക്കര സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് HLL Life Care Ltd-നെ പദ്ധതി നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തുകയും പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ 2026 ഫെബ്രുവരിയോട് കൂടി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി HLL Life Care Ltd അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**